LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ആകെയുള്ള ചെക്ക് ഡാമുകൾ

50 [3303] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ചെക്ക് ഡാമുകൾ ഉണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ചെക്ക് ഡാമുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും എത്രയെണ്ണത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരാഞ്ഞു കൊണ്ട് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ പണി പൂർത്തിയായ 70 ചെക്ക് ഡാമുകൾ ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 42 ചെക്ക് ഡാമുകളുടെ നിർമ്മാണത്തിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 28 ചെക്ക് ഡാമുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

(സി) ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനായുള്ള പഠനങ്ങൾ നടത്തി അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിലാണ് ചെക്ക് ഡാമുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നത്.

എങ്ങണ്ടിയൂർ കൈപ്പമംഗലം പഞ്ചായത്തുകളിലെ പാലങ്ങളും കനോലി കനാലിന്റെ തീരസംരക്ഷണവും

51 [3304] *ശ്രീ. ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ എങ്ങണ്ടിയൂർ, കൈപ്പമംഗലം പഞ്ചായത്തുകളിൽ ഇറിഗേഷൻ വകുപ്പ് ഏതെങ്കിലും പാലം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്നും ഇതിനായി എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ;

(ബി) എങ്ങണ്ടിയൂർ പഞ്ചായത്തിലെ കനോലി കനാലിന്റെ തീരം ഇടിഞ്ഞുള്ള നാശത്തെ നേരിടുന്നതിനായി ഇവിടം കെട്ടി സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) എങ്ങണ്ടിയൂർ പഞ്ചായത്തിലെ വേട്ടക്കൊരുമകൻ കടവിനുസമീപം 180 മീറ്റർ നീളത്തിൽ കനോലി കനാലിന്റെ ഇടതുകര സംരക്ഷിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇതിനുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായം ലഭ്യമാക്കുവാൻവേണ്ടി അണ്ടത്തോടുമുതൽ ചേറ്റുവ വരെയുള്ള പൊന്നാനി-കൊച്ചിൻ കനാലിന്റെ പുനരുദ്ധാരണത്തിനായി 77 കോടി രൂപയുടെ പദ്ധതിരേഖ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതിൽ എങ്ങണ്ടിയൂർ പഞ്ചായത്തിന്റെ മുഴുവൻ കരയും ഉൾപ്പെടുന്നുണ്ട്.

തൃത്താല-വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ്

52 [3305] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല-വെള്ളിയാങ്കല്ല് റഗുലേറ്ററി-കം-ബ്രിഡ്ജിന്റെ ഏതെല്ലാം പ്രവൃത്തികളാണ് ഇനി ആരംഭിക്കാനുള്ളത്; ഈ പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഫ്ളഡ് ബാങ്കിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്തു കഴിഞ്ഞോ; ഇല്ലെങ്കിൽ ഇത് എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അതിന്റെ എസ്റ്റിമേറ്റ് തുക എത്ര എന്നും വെളിപ്പെടുത്താമോ;

(സി) ഫ്ളഡ് ബാങ്ക് കണക്ഷൻ ബ്രിഡ്ജിന്റെ ഭാഗമാണോ; എങ്കിൽ ഇതെന്നു പൂർത്തിയാകുമെന്നും ഇതിന്റെ എസ്റ്റിമേറ്റ് തുക എത്ര എന്നും അറിയിക്കാമോ;

(ഡി) ബാങ്ക് കണക്ഷൻ ഏതു രീതിയിലാണ് നിർമ്മിക്കുന്നതെന്നും ഇതിന്റെ സ്പെസിഫിക്കേഷനെക്കുറിച്ചും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly